കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനം 2016 സെപ്റ്റംബറിൽ ആരംഭിക്കും.

യു.ഡി.എഫ്. സർക്കാർ 5 വർഷങ്ങൾക്കുമുമ്പ് ജനങ്ങൾക്ക് നൽകിയ ഒരു വാഗ്ദാനം കൂടി ഇതോടെ യാഥാർത്ഥ്യമാവുകയാണ്. ബഹുമാനപ്പെട്ട ശ്രീ. ഉമ്മൻ ചാണ്ടിയുടെ നിരന്തരമായ മാർഗ്ഗ നിർദ്ദേശവും മേൽനോട്ടവും കൊണ്ടാണ് ഈ സ്വപ്നപദ്ധതി യാഥാർത്ഥ്യമാകുന്നത്.

മലബാറിന്റെ സ്വപ്നം പ്രവർത്തിപഥത്തിലെത്തിക്കുവാൻ എനിക്കുമുമ്പേ പ്രയത്നിച്ച ഭരണാധിപന്മാരുടെ സേവനത്തെ ഈ അവസരത്തിൽ ഞാൻ കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു.

ഈ ബൃഹത് സംരംഭത്തിന്റെ വിവിധ ഘട്ടങ്ങളിൽ പദ്ധതിയുമായി സഹകരിച്ച് പ്രവർത്തിക്കുകയും നിർലോഭമായ സഹായ സഹകരണങ്ങൾ നൽകിയ മന്ത്രിസഭയിലെ എന്റെ സഹപ്രവർത്തകർ, ബഹുമാനപ്പെട്ട കേന്ദ്രമന്ത്രിമാർ, എം.പി.മാർ, നിയമസഭാ സാമാജികർ, ബഹുജനസംഘടനാ ഭാരവാഹികൾ, ഉദ്യോഗസ്ഥർ, സാമൂഹ്യപ്രവർത്തകർ, മാദ്ധ്യമ പ്രവർത്തകർ, ഓഹരി ഉടമകൾ, സർവ്വോപരി കിടപ്പാടത്തിൽനിന്ന് ഒഴിയേണ്ടിവന്നവരും അല്ലാത്തവരുമായ കണ്ണൂർ/മട്ടന്നൂർ നിവാസികൾ എന്നിവരോടുള്ള അകൈതവമായ കൃതജ്ഞത രേഖപ്പെടുത്തുവാൻ ഞാൻ ഈ അവസരം ഉപയോഗപ്പെടുത്തിക്കൊള്ളുന്നു.

IX സ്റ്റാറ്റ്യൂട്ടറി പ്രമേയം

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, ഭാരതത്തിന്റെ ഭരണഘടനയുടെ 252-ാം അനുച്ഛേദം (1)-ാം ഖണ്ഡിക പ്രകാരം കേരള നിയമസഭ എംപ്ലോയ്മെന്റ് ഓഫ് മാന്വൽ സ്കാവഞ്ചേഴ്സ് ആന്റ് കൺസ്ട്രക്ഷൻ ഓഫ് ഡ്രൈ ലാട്രിൻസ് (പ്രൊഹിബിഷൻ) ആക്ട് 1993 എന്ന കേന്ദ്ര നിയമം 22-7-2002 മുതൽ ഒരു പ്രമേയത്തിലൂടെ സംസ്ഥാനത്ത് സ്വീകരിച്ചിട്ടുള്ളതിനാലും;

2013-ലെ പ്രൊഹിബിഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് മാന്വൽ സ്കാവഞ്ചേഴ്സ് ആന്റ് ദെയർ റീഹാബിലിറ്റേഷൻ ആക്ട് പാർലമെന്റ് പാസ്സാക്കുകയും, 2013 സെപ്റ്റംബർ മാസം 18-ാം തീയതി പ്രസ്തുത നിയമത്തിന് രാഷ്ട്രപതി അനുമതി നൽകുകയും, 2013 ഡിസംബർ മാസം 6-ാം തീയതി മുതൽ പ്രസ്തുത നിയമം പ്രാബല്യത്തിൽ വന്നിട്ടുള്ളതിനാലും;

1993-ലെ പഴയ നിയമത്തിലെ എല്ലാ വ്യവസ്ഥകളും പുതിയ നിയമത്തിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ 1993-ലെ നിയമത്തിന് നിലവിൽ പ്രസക്തിയില്ലാതായതിനാൽ പ്രസ്തുത നിയമം പിൻവലിക്കേണ്ടതാണെന്ന് ഈ നിയമസഭ കരുതുന്നതിനാലും;

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾ അതിനാൽ, ഭാരതത്തിന്റെ ഭരണഘടനയിലെ 252-ാം അനുച്ഛേദം (1)-ാം ഖണ്ഡിക പ്രകാരം 1993-ലെ എംപ്ലോയ്മെന്റ് ആന്റ് മാന്വൽ സ്കാവഞ്ചേഴ്സ് ആന്റ് ദെയർ റീഹാബിലിറ്റേഷൻ ആക്ട് 22-7-2002 മുതൽ സംസ്ഥാനത്ത് സ്വീകരിച്ചുകൊണ്ട് നിയമസഭ പാസ്സാക്കിയ പ്രമേയം പിൻവലിക്കുന്നതിനായി ഈ സഭ ഇതിനാൽ തീരുമാനിക്കുന്നു എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

X ധനകാര്യം

2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയുള്ള അന്തിമ ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,52,19,000 രൂപയുടെയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 9,19,000 രൂപയുടെയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 6,00,00,000 രൂപയുടെയും ഭവന നിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,62,46,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,00,00,000 രൂപയുടെയും ജില്ലാ ഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 100,30,62,000 രൂപയുടെയും പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 32,45,00,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly